പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2964

15/12/2015-ൽ
മറുപടിയ്ക്ക്

## " Walk with a Scholar "പദ്ധതി

**ചോദ്യം**

**മറുപടി**

ശ്രീ.ഐ.സി. ബാലകൃഷ്ണൻ
ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.സി.പി. മുഹമ്മദ്
ശ്രീ.എം.എ. വാഹീദ്

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് " Walk with a Scholar" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കേരളത്തിലെ നിലവിലെ 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ 8 എണ്ണത്തിലും 150 എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ കോളേജിലും ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന ഓരോ വർഷത്തേയും 30 കുട്ടികൾക്കു വീതമാണ് ഈ പദ്ധതിയുടെ പ്രയോജനം നേരിട്ട് ലഭിക്കുന്നത്. കോളേജിൽ ആദ്യ വർഷ ബിരുദ കോഴ്സിൽ ചേരുന്ന ഒരു വിദ്യാർത്ഥിയുടെ ജീവിത ലക്ഷ്യം കണ്ടെത്തി അതിലേക്ക് എത്തിപ്പെടാൻ വിദ്യാർത്ഥിക്കുവേണ്ട പ്രചോദനവും പരിശീലനവും നൽകുക എന്നതാണ് പരിപാടിയുടെ മുഖ്യ ലക്ഷ്യം. മൂന്ന് വർഷവും വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഓരോ വിദ്യാർത്ഥിയേയും കോളേജിലെ ഒരു ആന്തരിക ഉപദേഷ്ടാവിന്റെ (ഇന്റേണൽ മെന്റർ) കീഴിലാക്കുന്നു. ഈ ഉപദേഷ്ടാവ് കോളേജിലെ ഒരു അദ്ധ്യാപകനോ അദ്ധ്യാപികയോ ആയിരിക്കും. വിദ്യാർത്ഥിക്കൊപ്പം സഞ്ചരിച്ച് വിദ്യാർത്ഥിക്ക വേണ്ട പിന്തുണ നൽകുക എന്നതാണ് ആന്തരിക ഉപദേഷ്ടാവിന്റെ മുഖ്യ കർത്തവ്യം. അതോടൊപ്പം തന്നെ അനുയോജ്യമായ ബാഹ്യ ഉപദേഷ്ടാക്കളുടെ (എക്സ്റ്റേണൽ മെന്റേഴ്സ്) മാർഗ്ഗ നിർദ്ദേശ പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. ഇതു വഴി വിദ്യാർത്ഥിക്ക് തന്റെ ലക്ഷ്യത്തിനനുസരിച്ച് മുന്നോട്ട് പോകാൻ കഴിയും. സ്ഥാപനത്തിനു പുറത്തുള്ള വിദഗ്ധരുടെ ഉപദേശം ലഭിക്കുന്നതിനായി നിശ്ചിത മണിക്കൂറുകൾ, ഉപദേഷ്ടാവിന് നൽകുന്നുണ്ട്. അവരെ നേരിട്ട് കാണുവാനും സംവദിക്കുവാനും അവരുടെ നേട്ടങ്ങളിൽ നിന്നും പ്രചോദനം നേടി മുന്നേറാനും ബാഹ്യ ഉപദേഷ്ടാവിന്റെ സാന്നിധ്യം സഹായിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള " വാക്ക് വിത്ത് എ സ്കോളർ " പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. കോളേജ് തലത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഒരു കോ-ഓഡിനേറ്ററും പ്രവർത്തിക്കുന്നു. ഈ കോ-ഓഡിനേറ്റർ കോളേജിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകനും കോളേജ് കൗൺസിലിന്റെ അംഗീകാരത്തോടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നയാളുമാണ്. ഈ സാമ്പത്തിക വർഷം വാക്ക് വിത്ത് എ സ്കോളർ പദ്ധതിക്കായി പദ്ധതി ശീർഷകത്തിൽ 5 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ